# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1648 | 05/02/2019-ൽ മറുപടിയ്ക്ക്

## പഴക്കം ചെന്നതും ഫിറ്റ്നെസ്സ് ഉള്ളതുമായ സ്കൂൾ കെട്ടിടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പുതിയ സ്കൂൾ കെട്ടിടങ്ങൾ പണിയുവാൻ പഴക്കം ചെന്നതും ഫിറ്റ്നെസ്സ് ഉള്ളതുമായ കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയാൽ മാത്രമേ കഴിയുകയുള്ളൂ എന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | എ) | സ.ഉ(കൈ)നം. 32/18/തസ്വഭവ തീയതി 09/03/2018, ജി.ഒ(ആർ.റ്റി) നം. 111/2018, തീയതി 18/04/2018 എന്നിവ പ്രകാരം പൊതുസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ കെട്ടിടങ്ങളും, വിപുലമായ നിർമ്മാണ പ്രവർത്തനങ്ങൾ വഴി കൂടുതൽ സൗകര്യങ്ങൾ സ്കൂളിൽ യജ്ഞമാക്കുന്നതിന് കഴിഞ്ഞ 15 വർഷത്തിനുള്ളിൽ നിർമ്മിച്ച ഉപയോഗ യോഗ്യമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിലേക്കായി ജില്ലാ തലത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിദ്യാഭ്യാസ വകുപ്പുകളിലെ എ.ഇ.ഒ/ഡി.ഇ.ഒ എന്നിവർ അടങ്ങിയ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എല്ലാ തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥർക്കും മേൽ സ്കൂൾ കെട്ടിടങ്ങൾ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി പൊളിച്ചുമാറ്റാൻ അടിയന്തിര നിർദ്ദേശം 01/06/2018 ൽ നൽകിയിട്ടുണ്ട്. ആയത് പ്രകാരം പൊളിച്ചു മാറ്റുന്നതിന്റെ തുടർനടപടികൾ നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇത് സംബന്ധിച്ച് എൽ.എസ്.ജി.ഡി (ഡി ബി 2) സെക്ഷനിൽ നിലവിലുള്ള ഫയലിന്റെ അവസ്ഥ അറിയിക്കാമോ; | ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉളള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് 03/01/2019 ന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും സ്ഥലപരിമിതിയുള്ള സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനം അനിവാര്യമായി വരുമ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായോ മറ്റ് ഏതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടി വരുമ്പോൾ കെട്ടിടത്തിന്റെ പഴക്കം പരിഗണിക്കാതെ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കേണ്ടതാണെന്നും, കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകുന്നത് 09/03/2018 ലെ സ.ഉ(കൈ)നം. 32/18/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ തന്നെ ബാധകമാക്കാവുന്നതാണെന്നും സ്കൂൾ കെട്ടിടങ്ങൾക്കുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ വിശദമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്നും (ഗ്രൗണ്ട് ഫ്ലോർ +2) ആവശ്യത്തിന് ടോയ് ലെറ്റുകൾ, കുടിവെള്ളം, മാലിന്യ സംസ്കരണം, സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഡി.ബി2/1/2019/തസ്വഭവ നം. ഫയലിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് (എം 1) സെക്ഷനിൽ നിന്നും എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) & ഡി) | സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലുൾപ്പെടുത്തി നൽകുന്ന ഫണ്ടുപയോഗിച്ചോ പൊതുവിദ്യാഭ്യാസ വകുപ്പ് ഫണ്ട് ഉപയോഗിച്ചോ MLA, MP ഫണ്ട് ഉപയോഗിച്ചോ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടി വരുമ്പോൾ നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച M1/274/2018/G.Ed |
| ഡി) | പ്രസ്തുത വിഷയത്തിൽ എൽ.എസ്.ജി.ഡി വകുപ്പ് | | |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | | ഫയൽ ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഈ വിഷയം ഡി.ബി2/15/19/തസ്വഭവ നം. ഫയലിൽ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**